# ജാതിപ്പേരുകൾ മടങ്ങിവരുമ്പോൾ

വിദ്യാഭ്യാസം, സമ്പത്ത്, പെരുമാറ്റം, വസ്ത്രധാരണം ഇവയൊന്നും ആധുനിക കേരളീയ സമൂഹത്തിലെ മനുഷ്യരെ ജാതിപരമായി തിരിച്ചറിയാൻ സഹായിക്കുന്ന ഘടകങ്ങളല്ല. അപ്പോൾ പിന്നെ, ഉയർന്നവരെന്നു ഗണിക്കപ്പെടുന്ന ജാതികൾക്ക് തങ്ങളുടെ സവർണ മനോഭാവം പ്രകടമാക്കാവുന്ന അടയാളമെന്ത്? സാംസ്കാരിക കേരളത്തിന് അപമാനകരമായ ജാതിപ്പേരുകൾ പൂർവാധികം ശക്തിയോടെ തിരിച്ചുവരുന്നിന്റെ മനഃശാസ്ത്രം പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു. ഹിന്ദുക്കളിലാണ് ഈ പ്രവണത പ്രകടമായുള്ളത്.

മതപരമായ വേർതിരിവ് പ്രകടമാക്കുന്നവയാണ് മുസ്ലിം-ക്രിസ്ത്യൻ വിഭാഗങ്ങളിലെ പേരുകൾ. പക്ഷേ, അവ ജാതീയമായ ഭിന്നത വെളിപ്പെടുത്തുന്നില്ല. ജോസഫ് എന്ന പേര് പുലയക്രിസ്ത്യാനിയും നാടാർ ക്രിസ്ത്യാനിയും മുക്കുവ ക്രിസ്ത്യാനിയും അച്ചായന്മാർ എന്നറിയപ്പെടുന്ന ക്രിസ്ത്യൻ വിഭാഗവും സ്വീകരിക്കുമ്പോൾ, ക്രിസ്തീയ സമുദായത്തിലെ വിഭാഗീയത പുറത്തുകാട്ടുന്നില്ല. എന്നാൽ ക്രിസ്തീയ സമുദായത്തിലെ സാമ്പത്തിക-സാംസ്കാരിക-വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വികാസം നേടിയവർ മറ്റ് ക്രിസ്ത്യൻ വിഭാഗങ്ങളുടെ മേൽ പ്രകടമായ ആധിപത്യം പുലർത്തുന്നു. യഥാർഥ ക്രിസ്ത്യാനികൾ തങ്ങളാണെന്ന് സ്ഥാപിക്കാൻ സെന്റ് തോമസിനാൽ മതപരിവർത്തനം നടത്തപ്പെട്ടവർ, ബ്രാഹ്മണ പൂർവികത്വം അവകാശപ്പെട്ടവർ തുടങ്ങിയ ചെപ്പടി വിദ്യകൾ തരം കിട്ടിയാൽ പ്രയോഗിക്കുന്നുണ്ട്. ഇപ്പോൾ ചില പുതിയ തന്ത്രങ്ങളും സ്വീകരിക്കുന്നുണ്ട്. ഞങ്ങൾ നസ്രാണികൾ, കോട്ടയത്തച്ചായന്മാർ, കാഞ്ഞിരപ്പള്ളി ക്രിസ്ത്യാനികൾ, പാലാക്കാരൻ ക്രിസ്ത്യാനി തുടങ്ങി വിനയപുരിത സ്വയംപരിചയപ്പെടുത്തലുകൾക്കു പിന്നിലെ ശുദ്ധ താല്പര്യങ്ങൾ തിരിച്ചറിയേണ്ടതുണ്ട്.

ഹിന്ദു സമുദായത്തിലെ മുൻ തലമുറക്കാർ ജാതിപ്പേരുകൾ സ്വീകരിച്ചിരുന്നു. നായരും നാടാരും ചെട്ടിയാരും കാണിക്കാരനും നമ്പൂതിരിയുമെല്ലാം പേരിനൊപ്പം ജാതിപ്പേരു ചേർത്തിരുന്നു. കാലാന്തരത്തിൽ ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരായ സാമൂഹികാവബോധം ശക്തമായി. ജാതിപ്പേരുകൾ തിരസ്കരിക്കപ്പെട്ടു. എന്നാൽ, ആസൂത്രിതവും നിരന്തരവുമായ പരിശ്രമങ്ങളിലൂടെ സവർണമനോഭാവം സമൂഹത്തിൽ തിരിച്ചെത്തിയിരിക്കുന്നു. പത്രങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ, സാഹിത്യഗ്രന്ഥങ്ങൾ, സിനിമ, റേഡിയോ തുടങ്ങി എല്ലാ മാധ്യമങ്ങളും വിദഗ്ധമായി ഉപയോഗിക്കപ്പെടുന്നു.

ജാതിപരമായ വേർതിരിവുകൾക്ക് ചരിത്രപരവും സാംസ്കാരികവും മനശാസ്ത്രപരവുമായ പുത്തൻ വ്യാഖ്യാനങ്ങൾ നൽകി ജാതിയെ മാന്യതയുടെ കവചമണിയിച്ച് പ്രതിഷ്ഠിക്കുകയാണിന്ന്. ഒരു ന്യൂനപക്ഷം, തങ്ങളാണ് യഥാർഥ ഹിന്ദുക്കളെന്നും തങ്ങളുടെ സംസ്കാരമാണ് 'യഥാർഥ ഹിന്ദുസംസ്കാര'മെന്നുമുള്ള കപടബോധം സമൂഹമധ്യത്തിൽ സ്ഥാപിച്ചെടുക്കാനുള്ള തിരക്കുകളിലാണ്. ജാതിനാമങ്ങൾ സ്വീകരിക്കാൻ ഇവരിലെ പുതിയ തലമുറയെ ഇത് ആവേശഭരിതരാക്കുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസം ലഭിച്ച ചെറുപ്പക്കാർപോലും തങ്ങളുടെ പേരുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തു തിരുത്തി ജാതിപ്പേരുകളാക്കിമാറ്റുന്നു; തങ്ങളുടെ സന്താനങ്ങൾക്ക് ജാതിപ്പേരുകൾ സമ്മാനിക്കുന്നു. ഇതിൽ മറ്റു ചില താല്പര്യങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട്. സിനിമ, റേഡിയോ, ടിവി തുടങ്ങിയ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ, സ്വകാര്യ-മാനേജ്മെന്റ് സ്ഥാപനങ്ങൾ, പത്രങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം തന്നെ അതിന്റെ നടത്തിപ്പുകാരിൽ പ്രധാനികൾ മുന്നോക്കക്കാർ എന്നു പറയപ്പെടുന്ന വിഭാഗക്കാരാണ്. ഇവിടങ്ങളിൽ പ്രഥമപരിഗണന നേടാനും കയറിക്കൂടാനുമുള്ള എളുപ്പമാർഗമായി (കു) ബുദ്ധിയുള്ള ചെറുപ്പക്കാർ ജാതിനാമങ്ങളെ ഉപയോഗിച്ചുവരുന്നു. കഴിവുള്ളവർ/ അർഹതയുള്ളവർ എവിടെയും ഉയർന്നുവരുമെന്ന നിഷ്കളങ്ക വിചാരങ്ങൾക്ക് ഇന്ന് വലിയ പ്രസക്തിയൊന്നും നമ്മുടെ സമൂഹത്തിലില്ലെന്നു സാരം.

ജാതി ഇന്ന് നമ്മുടെ സമൂഹത്തിലെ ഒരു യാഥാർഥ്യമാണെന്നും ജാതിപ്പേരുകൾ ഇല്ലായ്മ ചെയ്യുന്നതിലൂടെ അത് നശിക്കുകയില്ലെന്നും അംഗീകരിക്കുന്നു. പക്ഷേ, അത് മനുഷ്യസൃഷ്ടമായ ഒന്നാണ്. ഒരു പ്രത്യേക കാലഘട്ടത്തിൽ പലവിധമായ സാമൂഹിക കാരണങ്ങളാൽ വേർതിരിക്കപ്പെട്ടിരുന്ന ജനക്കൂട്ടങ്ങൾ പിന്നീട് മത-പൗരോഹിത്യ താല്പര്യങ്ങൾക്കടിപ്പെട്ട് പ്രത്യേക ജാതികളായി വിഭജിക്കപ്പെട്ടു. ജാതി എല്ലാ ദേശത്തും എല്ലാക്കാലത്തും ഉണ്ടായിരുന്ന ഒരു പ്രതിഭാസമല്ലെന്നുള്ള തിരിച്ചറിവ് നമുക്ക് നഷ്ടമായിക്കൂട. ജാതിപ്പേരുകൾ സ്വീകരിക്കുമ്പോൾ ബ്രാഹ്മണ്യം മുന്നോട്ടു വച്ച ചാതുർവർണ്യ താല്പര്യങ്ങളെ അറിഞ്ഞോ അറിയാതെയോ താലോലിക്കുകയാണ് നാം ചെയ്യുന്നത്. നൂറ്റാണ്ടുകൾക്കു പിന്നിലെ മൂഢതാല്പര്യങ്ങളുടെ സംരക്ഷകരായി, ബുദ്ധിപരമായ അടിമത്തത്തിലേക്കും അപകടങ്ങളിലേക്കും മൂക്കുകുത്തി വീഴുകയാണ് നാമെന്ന് സ്വയം തിരിച്ചറിയേണ്ടിയിരിക്കുന്നു.

*– വട്ടപ്പാറ ജയകുമാർ*